**പതിമൂന്നാം കേരള നിയമസഭ**
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3251

21/12/2012 ൽ മറുപടിക്ക്

**വെട്ടിക്കവല ബ്ലോക്കിൽ പൂർത്തീകരിക്കാനുള്ള പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി.അയിഷാപോറ്റി | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) പി.എം.ജി.എസ്.വൈ ഫേസ്-4 പ്രകാരം വെട്ടിക്കവല ബ്ലോക്കിൽ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ; | എ) ഫേസ് 4 ൽ ഉൾപ്പെട്ട മൂന്ന് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ ടി പ്രവൃത്തികളുടെ കരാർ റദ്ദ് ചെയ്യുകയും കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ബാക്കി പണികൾ പൂർത്തീയാക്കുന്നതിന് 2 തവണ ടെണ്ടർ നടപടികൾ നടത്തിയെങ്കിലും കരാറുകാർ ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ടി പ്രവൃത്തികൾ കരാറുകാരുമായി നെഗോഷിയേറ്റ് ചെയ്ത് കരാർ ഉറപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഈ നടപടിയിലൂടെ ടി റോഡുകൾക്ക് കരാറുകാർ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. സമർപ്പിച്ച ടെണ്ടറുകളുടെ സാങ്കേതിക നിലവാരം പരിശോധിച്ച് വരികയാണ്. സാങ്കേതികമായി യോഗ്യരായ കരാറുകാരുടെ ഫൈനാഷ്യൽ ബിഡ് അനിയോജ്യമാണെങ്കിൽ കരാർ ഉറപ്പിച്ച് ഒരു വർഷത്തിനുള്ളിൽ പണി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. |
| ബി) പ്രസ്തുത പദ്ധതിയിലെ ഫേസ് -7- ൽ കൊട്ടാരക്കര വെട്ടിക്കവല ബ്ലോക്കുകളിൽ പൂർത്തീകരിക്കാനുള്ള പ്രവർത്തികളും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും വ്യക്തമാക്കുമോ; | ബി) ഫേസ് VII ൽ വെട്ടിക്കവല ബ്ലോക്കിലെ പ്രവൃത്തികൾ ഒന്നും തന്നെ ഉൾപ്പെട്ടിട്ടില്ല. കൊട്ടാരക്കര ബ്ലോക്കിന്റെ പരിധിയിൽ വരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>1) വെളിയം കോളനി മാലയിൽ റോഡ്<br>2) നാൽക്കവല മീയണ്ണൂർ - കോലമത്ത് റോഡ്<br>3) മുളളം പാറ കുടവട്ടൂർ റോഡ്<br>4) ഇരുമ്പനങ്ങാട് തുണ്ടിൽ കോളനി റോഡ് |

ടി പ്രവൃത്തികൾ കരാറുകാരുമായി നെഗോഷിയേറ്റ് ചെയ്ത് കരാർ ഉറപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഈ നടപടിയിലൂടെ ടി റോഡുകൾക്ക് കരാറുകാർ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. സമർപ്പിച്ച ടെണ്ടറുകളുടെ സാങ്കേതിക നിലവാരം പരിശോധിച്ച് വരികയാണ്.

| | |
|---|---|
| സി) പ്രസ്തുത പദ്ധതിയിലെ 8-ാം ഘട്ടത്തിൽ ഉൾപ്പെട്ട ഏതെല്ലാം വർക്കുകൾ സംസ്ഥാന തല സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്; പ്രസ്തുത ഘട്ടത്തിലെ റിസർവ് ലിസ്റ്റിൽ പ്രസ്തുത ബ്ലോക്കുകളിൽപ്പെട്ട റോഡുകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും 8-ാം ഘട്ടത്തിൽ ഉൾപ്പെട്ട പ്രവർത്തികളുടെ ഇപ്പോഴത്തെ സ്ഥിതിയും വെളിപ്പെടുത്തുമോ? | സി) പി.എം.ജി.എസ്.വൈ എട്ടാം ഘട്ടത്തിൽ ഏറ്റെടുക്കുന്നതിന് പരിഗണിക്കുന്നതിനായി കൊല്ലം ജില്ലയിലെ കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽ നിന്നും എസ്.എൽ.എസ്.സി അംഗീകരിച്ച റോഡുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>പി.എം.ജി.എസ്.വൈ ഫേസ് എട്ടിൽ 720 കി.മീ റോഡുകളുടെ പ്രോജക്ട് സമർപ്പിക്കുന്നതിനുള്ള അനുമതിയാണ് കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളത്. എട്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിക്കുന്നതിനായി കൊല്ലം ജില്ലയിൽ നിന്നും സമർപ്പിച്ച റോഡുകളുടെ പട്ടിക സംസ്ഥാനതല സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. അതനുസരിച്ച് 49.74 കി.മീ ദൈർഘ്യമാണ് കൊല്ലം ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ളത്. ടി റോഡുകൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിന് ജില്ലയിലെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ (PIU) ചുമതലയുള്ള എക്സിക്യൂട്ടീവ് എൻജിനിയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

അനുബന്ധം

1) വെട്ടിക്കവല

1) കരിക്കം – പ്ളാപള്ളി റോഡ്
2) കരിക്കം – കിഴക്കേതെരുവ് റോഡ്
3) മേഴ്സി ഹോസ്പിറ്റൽ അംബലക്കര മുല്ലിയം റോഡ്
4) പുലമൺ പ്ളാവർകോട്ട് ഭാഗം റോഡ്
5) കടുവാപാറ അഞ്ചനം കുഴി റോഡ്
6) ചെങ്ങമനാട് – ചേത്തടി റോഡ്
7) ചിരട്ട കോണം – നെല്ലിക്കുന്നം റോഡ്
8) കലയപുരം – ആറ്റുവാശേരി റോഡ്
9) മൈലം – മൈലം HS Jn റോഡ്
10) കുളക്കട – പുവറ്റൂർ വെസ്റ്റ് റോഡ്
11) വാളകം– ചെറുവള്ളൂർ റോഡ്
12) സദാനന്തപുരം– മലവിള കൊച്ചാലുംമൂട് റോഡ്

2. കൊട്ടാരക്കര

1. നടവത്തൂർ - ആലിൻതേക്കതിൽ
2. കോളന്നൂർ - ആലുംമൂട് ജംഷൻ
3. മുസ്ലീം പള്ളി ജംഷൻ - കുടിക്കാട് സൗത്ത്
4. ഈയ്യം കുന്ന് - കനാൽ ജംഷൻ
5. വക്കനാട് - മാനൻനട
6. കുടിക്കാട് 4 മൈൽ കുടക്കാട് നോർത്ത്
7. നെല്ലിക്കുന്നം മുട്ടറ
8 മുട്ടറ - മുട്ടറ വെസ്റ്റ്
9. ഓട്ടുമല - ഓട്ടുമല കോളനി

സെക്ഷൻ ഓഫീസർ